# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 882 — 09.08.2017 -ലെ മറുപടി

**വരൾച്ചയും ജലക്ഷാമവും നേരിടുന്നതിനായുള്ള പദ്ധതികൾ**

**ചോദ്യം**

**ശ്രീ.അടൂർ പ്രകാശ്**
**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**,, കെ.എസ്.ശബരീനാഥൻ**
**,, ഹൈബി ഈഡൻ**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | കടുത്ത വരൾച്ചയും ജലക്ഷാമവും നേരിടുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഭൂജല വകുപ്പ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | എ) യും ബി) യും സി) യും | രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി 2016-17 സാമ്പത്തിക വർഷം കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും, കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി ബഡ്ജറ്റ് വിഹിതമായി 1 കോടി രൂപ ഭൂജല വകുപ്പിന് അനുവദിച്ചിരുന്നു. ഇതു കൂടാതെ 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും, 99 കുഴൽക്കിണർ നിർമ്മാണവും, 327 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും, 5834 കൈപമ്പുകളുടെ അറ്റകുറ്റപണികളും, 23 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. 2016-2017 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-2017 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. പ്രസ്തുത പദ്ധതികൾക്കായി ആകെ 39.68 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തു. 2017-2018 സാമ്പത്തിക വർഷം ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരുകോടി രൂപയും കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപയും ബഡ്ജറ്റിൽ അനുവദി |
| ബി) | ദുരന്ത നിവാരണ പരിപാടിയുടെ സ്വഭാവത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിവരിക്കുമോ; | | |
| സി) | കുടിവെള്ള പദ്ധതി നിലവിലില്ലാത്ത സ്ഥലങ്ങളിൽ വരൾച്ച നേരിടാൻ എന്തെല്ലാം തയ്യാറെടുപ്പുകളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ച്ചിട്ടുണ്ട്<br>കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ പ്രവർത്തനക്ഷമമല്ലാതിരുന്ന 5507 കുഴൽകിണറുകൾ പ്രവർത്തനക്ഷമമാക്കുകയും 327 ചെറുകിട കുടിവെള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിച്ച് പൂർത്തീകരിച്ച് ഏകദേശം 63,000 ത്തോളം കുടുംബങ്ങൾക്ക് നേരിട്ട് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്<br><br>ടാങ്കർ ലോറികൾ വഴിയും വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും കുടിവെള്ള വിതരണം നടത്തുന്നതിന് ദുരന്തനിവാരണ (റവന്യൂ-കെ) വകുപ്പ് അനുമതി നൽകിയിരുന്നു. |

Reins

**സെക്ഷൻ ഓഫീസർ**